**<u>തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്</u>**
**<u>ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*<u>(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)</u>*

വിഷയം – ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ- ആലപ്പുഴ നഗരസഭ- B&D ഉപയോഗ ഗണത്തിലുള്ള കെട്ടിട നിർമ്മാണത്തിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം-1) മാനേജർ, സനാതന ധർമ്മ കോളേജ്, ആലപ്പുഴ-യുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ.
2) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 25.01.2022 തീയതിയിലെ E5-23560/21 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ TCPALP/900/2022-C/കെ.ഡിസ് തീയതി : 01/07/2022</u>**

ആലപ്പുഴ ജില്ലയിലെ, ആലപ്പുഴ നഗരസഭയിൽ, പഴവീട് വില്ലേജിൽ റീ സർവ്വേ നമ്പർ 91-ൽപ്പെട്ട 9 ഹെക്ടർ 58 ആർ 18 ചതുരശ്ര മീറ്റർ (95818.00 ചതുരശ്ര മീറ്റർ) വിസ്തൃതിയുള്ള സ്ഥലത്ത് , നിലവിലുള്ള കോളേജ് കെട്ടിടങ്ങളും, അനുബന്ധ നിർമ്മാണങ്ങളും, നിർദ്ദിഷ്ട 5 നിലകളിലായുള്ള (G+4+Stair cabin) B&D ഉപയോഗ ഗണത്തിലുള്ള പ്ലാറ്റിനം ജൂബിലി ബിൽഡിംഗും ഉൾപ്പെടുന്ന ആകെ 24,644.89 ചതുരശ്ര മീറ്റർ ബിൽറ്റ്അപ്പ് ഏരിയയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് (F.S.I. 0.21, കവറേജ് 15.43%) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി K.M.B.R-2019 ചട്ടം 5(6) പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ:</u>

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ലായെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ലായെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങളൊന്നുമില്ലായെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
6. KMBR 2019 ചട്ടം 5(4) ക്രമനമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
7. KMBR-2019 ചട്ടം 5(4) ക്രമനമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ

അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.

8. KMBR-2019 ചട്ടം 6 (10) പ്രകാരം 'കെട്ടിടങ്ങളിൽ ഗ്ലാസ് ഉപയോഗവും മനുഷ്യ സുരക്ഷയും- 2015' ലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
9. KMBR-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിM ർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. KMBR-2019 ചട്ടം 28(1) പ്രകാരം കെട്ടിടങ്ങളിലേക്കുള്ള പ്രവേശന മാർഗത്തിന്റെ വീതി നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
11. KMBR-2019 ചട്ടം 29(2) അനുസരിച്ചുള്ള പാർക്കിങ് സജ്ജമാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
12. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്നു കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കേണ്ടതും, KMBR 2019, ചട്ടം (79A) പ്രകാരം നിലവിലുള്ള, പൊളിച്ചു നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules 2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.
13. KMBR-2019 ചട്ടം (81) പ്രകാരം ഉയരമുള്ള കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള സുരക്ഷാ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
14. പ്രസ്തുത നിർമ്മാണം KMBR-2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 12/2022

Signature Not Verified
Digitally signed by JOSEPH K F
Date: 2022.07.01 13:04:29 IST
Reason: Approved

**(ജോസഫ് കെ. എഫ്.)**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

മാനേജർ, സനാതന ധർമ്മ കോളേജ്,
കളർകോട്, സനാതനപുരം പി.ഒ., ആലപ്പുഴ.

പകർപ്പ്:

1) സെക്രട്ടറി, ആലപ്പുഴ നഗരസഭ ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) ഓഫീസ് കോപ്പി
3) കരുതൽ ഫയൽ